# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1023** **05.02.2020-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജോലിചെയ്തുവരുന്ന ഇതരസംസ്ഥാനത്തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ/സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) സംസ്ഥാനത്ത് ജോലിചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ് പദ്ധതി, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും ആശ്രിതർക്ക് 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുണ്ട് ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും വ്യവസ്ഥചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ". ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, |

മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാനത്തുവെച്ച് മരണപ്പെടുന്ന ഇതരസംസ്ഥാനത്തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തികസഹായമോ വാഹനസൗകര്യമോ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) സംസ്ഥാനത്തു വെച്ച് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം കേരള സംസ്ഥാനത്തിനകത്ത് വച്ച് മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000/- രൂപയോ ഏതാണ് കുറവ് അത് നൽകിവരുന്നുണ്ട്. ഈ തുകയുടെ സത്വരവിതരണത്തിനായി എല്ലാ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്കും റിവോൾവിംഗ് |

ഫണ്ട് അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാലുലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്നു ലക്ഷം രൂപ വീതവും ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകൾക്ക് രണ്ടുലക്ഷം രൂപയുമാണ് നിലവിൽ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| (സി) ഇതരസംസ്ഥാനത്തൊഴിലാളികൾ പ്രതികളാകുന്ന കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്കിടയിൽ സർക്കാർ നടത്തിവരുന്ന ബോധവത്ക്കരണപരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടത്തിവരുന്ന ബോധവത്കരണ പരിപാടികളിൽ ആരോഗ്യം, ശുചിത്വം എന്നിവ പാലിക്കുന്നത് സംബന്ധിച്ചും ലഹരി ഉത്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ.